പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3629 23.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയുടെ ഇതര വരുമാനം

ചോദ്യം

ശ്രീ. ഇ. കെ. വിജയൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ.ടി.സി.-ക്ക് ടിക്കറ്റ് കളക്ഷൻ കൂടാതെ മറ്റ് ഏതെല്ലാം രീതിയിൽ വരുമാനം ലഭിക്കാറുണ്ട്; വിശദമാക്കാമോ; | (എ) | കോൺട്രാക്ട് സർവീസ്, പോസ്റ്റ് മെയിൽ സർവീസ്, പരസ്യത്തിൽ നിന്നുള്ള വരുമാനം, ന്യൂസ് പേപ്പർ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള ചാർജ്, വാടക ഇനത്തിലുള്ള വരുമാനം, ഉപയോഗ ശൂന്യമായ വസ്തുക്കളും, ഇരുമ്പു വസ്തുക്കളും, മുഴുവനായും തേയ്മാനം സംഭവിച്ച വാഹനങ്ങൾ വിൽക്കുന്നതു വഴിയും കളക്ഷനിൽ നിന്ന് അധികം കിട്ടുന്ന തുകയും, കളഞ്ഞു കിട്ടിയ വസ്തുക്കളിൽ അവകാശികളില്ലാത്തവയിൽ നിന്നുമുള്ള വരുമാനവും, ലേല നടപടികളിൽ വിൽപ്പന നികുതി ഈടാക്കുന്നവയിൽ നിന്നുമുള്ള വരുമാനവും കൂടാതെ രസീതിനത്തിൽ കിട്ടുന്ന വരുമാനവുമാണ് കെ.എസ്.ആർ.ടി.സിയുടെ ടിക്കറ്റേതര വരുമാനങ്ങൾ. |
| (ബി) | പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ നിന്നും മെയിൽ കൊണ്ടുപോകുന്നതിന് തുക ഈടാക്കുന്നത് ഏത് മാനദണ്ഡ പ്രകാരമാണ്; വിശദാംശം നൽകാമോ; | (ബി) | കെ.എസ്.ആർ.ടി.സിയിലെ ഉദ്യോഗസ്ഥരും പോസ്റ്റൽ ഡിപ്പോർട്ട്മെന്റിലെ ഉദ്യോഗസ്ഥരും ജോയിന്റ് വെരിഫിക്കേഷൻ നടത്തി മെയിലിന്റെ ഭാരം കണക്കാക്കിയും അതാത് റൂട്ടുകളിൽ സർവീസ് നടത്തുന്ന ബസിന്റെ ഫെയർ സ്റ്റേജ് കണക്കാക്കിയുമാണ് തുക ഈടാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കെ. എസ്. ആർ. ടി. സി യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടകയിനത്തിൽ പ്രതിവർഷം ലഭിക്കുന്ന തുക വിശദമാക്കാമോ; | (സി) | 2011-12 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി-യിൽ വാടക ഇനത്തിൽ ലഭിച്ച തുക ₹.6,57,22,154/- (ആറു കോടി അൻപത്തിയേഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നൂറ്റി അൻപത്തിനാല്) രൂപയാണ്. |
| (ഡി) | കെ. എസ്. ആർ. ടി. സി യുടെ ലാഭ-നഷ്ട കണക്ക് പരിശോധനാ വിധേയമാക്കുമ്പോൾ ഇതര വരുമാനം കൂടി ചേർക്കാറുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ ലാഭ നഷ്ടകണക്ക് പരിശോധനാ വിധേയമാക്കുമ്പോൾ ഇതര വരുമാനം കൂടി ചേർക്കാറുണ്ട്. ഓരോ ഇനത്തിൽ നിന്നും ലഭിക്കുന്ന വരുമാനവും ലാഭ നഷ്ടക്കണക്കിൽ തരം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. കോൺട്രാക്ട് സർവീസ്, പോസ്റ്റ് മെയിൽ സർവീസ്, പരസ്യത്തിൽ നിന്നുള്ള വരുമാനം, ന്യൂസ് പേപ്പർ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള ചാർജ്, വാടക ഇനത്തിലുള്ള വരുമാനം, ഉപയോഗ ശൂന്യമായ വസ്തുക്കളും, ഇരുമ്പു വസ്തുക്കളും, മുഴുവനായും തേയ്മാനം സംഭവിച്ച വാഹനങ്ങളും വിൽക്കുന്നതു വഴിയും കളക്ഷനിൽ നിന്ന് അധികം കിട്ടുന്ന തുകയും, കളഞ്ഞുകിട്ടിയ വസ്തുക്കളിൽ അവകാശികളില്ലാത്തവയിൽ നിന്നുമുള്ള വരുമാനവും, ലേല നടപടികളിൽ വിൽപ്പന നികുതി ഈടാക്കുന്നവയിൽ നിന്നുമുള്ള വരുമാനവും കൂടാതെ രസീതിനത്തിൽ കിട്ടുന്ന വരുമാനവും ലഭാനഷ്ട കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ